കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഫിഷറീസ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ പദ്ധതികൾ

144 (2013) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഫിഷറീസ് വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വർഷം, പദ്ധതി, അടങ്കൽ തുക തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ ;

(ബി) വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(സി) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വർഷം, പദ്ധതി, അടങ്കൽ തുക തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ ;

(ഡി) വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഫിഷറീസ് വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുന്ന പദ്ധതികൾ മാത്രമേ വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുള്ളൂ.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാഞ്ഞങ്ങാട് നിയമസഭാ മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖാന്തരം നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

വർഷം	പദ്ധതി	അടങ്കൽ തുക (ലക്ഷം)
2011-12	തീരദേശ റോഡുകളുടെ പുനരുദ്ധാരണം - അജാനൂർ അവിക്കൽ റോഡ്	19.50
2012-13	തീരദേശ റോഡുകളുടെ പുനരുദ്ധാരണം - പടന്നക്കാട് ഒഴിഞ്ഞവളപ്പ് ബീച്ച് റോഡ്	26.00
2012-13	തീരദേശ റോഡുകളുടെ പുനരുദ്ധാരണം - ഞാണിക്കടവ് പുഞ്ചാവി എം.എൽ.എ. റോഡ്	13.00

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഏറ്റെടുത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ.

1. തീരദേശ റോഡുകളുടെ പുനരുദ്ധാരണം

(എ) മല്ലികമാട് ചിത്താരി പാലംറോഡ് (56 ലക്ഷം)

(ബി) ഗാർഡൻവളപ്പ് - ബല്ലാ കടപ്പുറം റോഡ്

(സി) അജാനൂർ ഫിഷ്‌ലാന്റിംഗ് സെന്ററിലേക്കുള്ള റോഡ്

2. അജാനൂർ ഫിഷിംഗ് ഹാർബർ നിർമ്മാണം - അജാനൂർ ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പുരോഗമിക്കുന്നു. ഇൻവെസ്റ്റിഗേഷൻ, മോഡൽ സ്റ്റഡി, ഇ.ഐ.എ. പഠനം എന്നിവ പൂർത്തീകരിക്കുന്ന മുറയ്ക്കാണ് പദ്ധതി രൂപരേഖ തയ്യാറാക്കുന്നത്.

മത്സ്യഗ്രാമം പദ്ധതി

145 (2014) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താനൂർ മത്സ്യഗ്രാമം പദ്ധതിയിൽ ഇപ്പോൾ എന്തൊക്കെ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(സി) താനൂർ നിയോജക മണ്ഡലത്തിലെ പുതിയ കടപ്പുറം, പണ്ടാരകടപ്പുറം എന്നീ പ്രദേശങ്ങൾ നിർദ്ധനരായ പരമ്പരാഗത മത്സ്യതൊഴിലാളികൾ താമസിക്കുന്ന പ്രദേശങ്ങളാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഈ ഗ്രാമങ്ങൾ കൂടി മത്സ്യഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംയോജിത മത്സ്യഗ്രാമവികസന പദ്ധതി 2013-14-ൽ ഉൾപ്പെടുത്തി താനൂർ മത്സ്യഗ്രാമത്തിൽ 2.00 കോടി രൂപയുടെ കുടിവെള്ള പദ്ധതി, 13-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം നടപ്പിലാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 298.00 ലക്ഷം രൂപയുടെ താനൂർ ജി.ആർ.എഫ്.ടി.എച്ച്.എസ്. പുനരുദ്ധാരണം,

LIBRARY ARCHIVES Kerala Legislative Assembly